ജലീൽ പടന്ന

# എ.ഡി.ബിയുടെ രാഷ്ട്രീയം അഥവാ ഇടത് പിന്നെയും വലത്തോട്ട്

*തൊഴിലാളി വർഗം അധികാരമേറ്റാൽ*
*അവരായി പിന്നെ അധികാരി വർഗം*
*അധികാരി എന്നും അധികാരിതന്നെ*
*തൊഴിലാളി എന്നും തൊഴിലാളി തന്നെ*
- ബാലചന്ദ്രൻ ചുള്ളിക്കാട്

**ഒരുകാലത്ത്** കേരളീയ യുവത്വത്തെ ത്രസിപ്പിച്ച ഡി.വൈ.എഫ്.ഐ എന്ന യുവജനപ്രസ്ഥാനം, കഴിഞ്ഞ കുറേ വർഷങ്ങളായി മാതൃപ്രസ്ഥാനത്തിന്റെ അജണ്ടകൾ നേരാംവണ്ണം വിലയിരുത്താൻ പോലും സാധിക്കാതെ വിപ്ലവവീര്യം ചോർന്നുപോയ വെറുമൊരു ആൾക്കൂട്ടമായി മാറിയതിന്റെ ദുരന്തം ഏറെ വലുതാണ്.

എന്നാൽ ഈ വിപ്ലവ യുവത ആലസ്യത്തിൽനിന്ന് കുതറിമാറാൻ ശ്രമിക്കുന്നതിന്റെ സൂചനകളായിരുന്നു രണ്ട് വർഷം മുമ്പ് കേരളത്തിന്റെ തെരുവോരങ്ങളിൽ കണ്ടത്. കേരളത്തെ വിലയ്ക്കെടുക്കാൻ വന്ന ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (എ.ഡി.ബി) പ്രതിനിധികളെ തടഞ്ഞുവെച്ച് ഗോബാക്ക് വിളിക്കാൻ കാണിച്ച ആ ചങ്കൂറ്റത്തെ ജനം അന്ന് കൈയടിച്ച് പ്രോത്സാഹിപ്പിച്ചതാണ്. ആ ചെറുത്തുനിൽപിനു മുന്നിൽ മുട്ടുമടക്കാൻ സർക്കാറും നിർബന്ധിതമായി.

എന്നാൽ, അന്ന് മടങ്ങിപ്പോയ എ.ഡി.ബി സംഘത്തെ തിരിച്ചുവിളിച്ച് ചുവപ്പു പരവതാനി വിരിച്ച് സ്വീകരിക്കുന്ന അത്യന്തം വഷളത്തം നിറഞ്ഞ രാഷ്ട്രീയ നാടകം അരങ്ങേറിക്കഴിഞ്ഞിട്ടും, വഴിതടയൽ പോയിട്ട് ഒന്ന് കൂകി വിളിക്കാൻ പോലും മുഷ്ടിക്കുള്ളിൽ വിപ്ലവം ചുരുട്ടി നടക്കുന്ന ഒരൊറ്റ യുവ സഖാവിനെയും കാണാനില്ല. തങ്ങളുടെ രാഷ്ട്രീയ യജമാനന്മാർ കൽപിക്കുമ്പോൾ മാത്രം ഓരിയിടുന്നവരായി അധഃപതിച്ച ഒരു വിപ്ലവ യുവജന പ്രസ്ഥാനത്തിന്റെ അകാലചരമം തെല്ലൊരു ബേജാറോടു കൂടിയാണെങ്കിലും കേരളീയ ജനത സ്ഥിരീകരിച്ചുകഴിഞ്ഞിരിക്കുന്നു.

221.2 മില്യൻ ഡോളറാണ് (1067 കോടി രൂപ) സുസ്ഥിര നഗര വികസനത്തിനായി എ.ഡി.ബിയിൽനിന്ന് കടം വാങ്ങാൻ തീരുമാനിച്ചിരിക്കുന്നത്. തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട് എന്നീ കോർപറേഷനുകളുടെ വികസനത്തിനായാണത്രെ ഇത്രയും ഭീമമായ തുക കടമായി സ്വീകരിക്കുന്നത്. മുതലാളിത്ത വികസന മന്ത്രമുരുവിട്ട് നടക്കുന്ന ഭരണകൂടത്തെ ജനം എത്ര പരുഷമായാണ് കൈകാര്യം ചെയ്യുക എന്നതിന്റെ കൂടി തെളിവായിരുന്നു കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ്. എന്നാൽ അതിൽനിന്ന് പാഠം ഉൾക്കൊള്ളാൻ തുടർന്ന് വന്ന ഇടതു സർക്കാറിന് സാധിക്കുന്നില്ല എന്നതാണ് പുതിയ സംഭവവികാസങ്ങൾ നൽകുന്ന സൂചന.

സംസ്ഥാന മുഖ്യമന്ത്രിയെ പോലും അറിയിക്കാതെയാണ് എ.ഡി.ബിയുമായി കരാറിൽ ഒപ്പുവെച്ചിരിക്കുന്നതെന്നാണ് റിപ്പോർട്ട്. ഇതിൽനിന്നുതന്നെ വായിച്ചെടുക്കാനാവും ഈ കരാറിലെ ദുരൂഹതയും ഗൂഢാലോചനയും. ഇതിലെ വ്യവസ്ഥകൾ ഇനിയും പൂർണമായി പുറത്തുവിട്ടിട്ടില്ല. അറിയാനുള്ള അവകാശം നിയമമാക്കിയ ശേഷമാണ് ഇതെല്ലാം നടക്കുന്നത്. എ.ഡി.ബിയുടെ ഡയറക്ടർ തതാഷി കോണ്ടോയും കേരളത്തിന്റെ പ്രതിനിധി ഇന്ദർജിത് സിംഗും അന്തിമ കരാറിൽ ഒപ്പുവെച്ചതിനു ശേഷമാണ് മുഖ്യമന്ത്രിയും ജനവും ഇതറിയുന്നത്. മുഖ്യമന്ത്രിയുടെ കീഴിലുള്ള പൊതുഭരണവകുപ്പിലെ ഉദ്യോഗസ്ഥനാണ് ഇന്ദർജിത് സിംഗ്. സ്വന്തം വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ നിയന്ത്രണം പോലും എ.കെ.ജി സെന്ററിലാവുമ്പോൾ, കോർപറേറ്റ് ഏജന്റുമാരാണ് നാടു ഭരിക്കുന്നതെന്ന് ജനം ന്യായമായും സംശയിക്കുന്നു. സർക്കാറിലോ മുന്നണിയിലോ ചർച്ച ചെയ്യാതെ ധൃതിപിടിച്ച് കരാറിൽ ഒപ്പിട്ടതിന്റെ പിന്നിലെ ഉദ്ദേശ്യത്തെ ചോദ്യം ചെയ്യാതെ തരമില്ല.

സാമ്പത്തിക അധിനിവേശത്തിലൂടെ മൂന്നാം ലോകരാജ്യങ്ങളെ വരുതിയിലാക്കാൻ ശ്രമിക്കുന്ന സാമ്രാജ്യത്വ ശക്തികളുടെ ഗൂഢോദ്ദേശ്യം തിരിച്ചറിയാഞ്ഞിട്ടാവണം ഇടതുപക്ഷ സർക്കാറിന്റെ പ്രതിനിധികൾ ഇത്തരം ഒരു കരാറിൽ ഏർപ്പെട്ടിരിക്കുന്നത് എന്ന് വിശ്വസിക്കാൻ ന്യായമില്ല. കാരണം, ഇവരുടെ ഒളിയജണ്ടകൾ തിരിച്ചറിയുകയും ജനങ്ങൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കുകയും ചെയ്യുന്നതിൽ ഇടതുപാർട്ടികൾ വഹിച്ച പങ്ക് വലുതാണ്. എന്നാൽ പശ്ചിമ ബംഗാളിലും കേരളത്തിലും പാർട്ടിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മുതലാളിത്തവത്കരണത്തിന്റെ ഭാഗമാണ് ഇത്തരം കരാറുകൾ എന്ന് മനസ്സിലാക്കിയാൽ കാര്യങ്ങൾ എളുപ്പത്തിൽ പിടികിട്ടും.

ധനമന്ത്രി ഡോ. തോമസ് ഐസക്ക് എ.ഡി.ബി കരാറിനെ ന്യായീകരിച്ച് രംഗത്തു വന്നിരിക്കുന്നു. മന്ത്രിയുടെ എ.ഡി.ബി പ്രണയം ഇപ്പോൾ തുടങ്ങിയതല്ല. 1997-ൽ അധികാരത്തിൽ വന്ന നായനാർ മന്ത്രിസഭയുടെ കാലത്ത് ആസൂത്രണ ബോർഡ് അംഗമായിരുന്ന തോമസ് ഐസക്കിന്റെ മേൽനോട്ടത്തിൽ ഗ്രാമീണ ജലവിതരണ നയപരിഷ്കാരങ്ങൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് 1999 ഡിസംബറിൽ കൊച്ചിയിൽ നടത്തിയ ശിൽപശാലയിൽ അവതരിപ്പിച്ച കരടിൽ പറയുന്നത് ഇങ്ങനെ: 'ഗവൺമെന്റേതര സംഘടനകൾക്ക് നിർണായക സ്ഥാനം നൽകുക, സ്വകാര്യ മേഖലയെ പ്രോത്സാഹിപ്പിക്കുക, പങ്കാളിത്ത ജനാധിപത്യ ആസൂത്രണം നടപ്പിലാക്കുക, ദാതാവ് എന്ന നിലയിൽനിന്ന് സർക്കാറും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും പിന്മാറുക, സേവനതുറകളിലെല്ലാം യൂസർ ഫീ ഏർപ്പെടുത്തുക.'

മേൽ സൂചിപ്പിച്ച വ്യവസ്ഥകൾ ഏറക്കുറെ അംഗീകരിച്ചുകൊണ്ടുതന്നെയാണ് കഴിഞ്ഞ യു.ഡി.എഫ് സർക്കാർ എ.ഡി.ബിയുമായുള്ള കരാറിന് തുനിഞ്ഞത്. ഗ്രാമീണ മേഖലയിലെ പൊതു ടാപ്പുകളും കിണറുകളും നിർത്തലാക്കുകയും വെള്ളത്തിന് ഫീസ് ഏർപ്പെടുത്തുകയും വേണം എന്ന് മലയാളം. ഇത് കുറേ സാങ്കേതികപദങ്ങൾ ചേർത്ത് സാധാരണക്കാരന് മനസ്സിലാകാത്ത ഭാഷയിൽ പറയുക എന്നത് മറ്റൊരു എ.ഡി.ബി തന്ത്രം.

യു.ഡി.എഫ് സർക്കാർ അംഗീകരിച്ച വ്യവസ്ഥകളിൽ മാറ്റം വരുത്തിയിട്ടുണ്ട് എന്ന് പറയുന്ന മന്ത്രി തോമസ് ഐസക്, പക്ഷേ എന്താണ് ആ മാറ്റം എന്ന് ഇനിയും വ്യക്തമാക്കിയിട്ടില്ല. ഈ ഒളിച്ചുകളിയിൽനിന്നുതന്നെ കാര്യങ്ങൾ പിടികിട്ടും. വ്യവസ്ഥകൾ ജനക്ഷേമകരമാണെങ്കിൽ പുറത്തു പറയാൻ എന്തിന് മടിക്കണം? ■